**ഐഎന്എസ്ടിസി ( ഇന്ററ്നാഷണല് നോര്ത്ത് സൌത്ത് ട്രാന്സ്പോര്ട്ട് കോറിഡോര് )- ഇന്ത്യ മുതല് റഷ്യ വരെ എക്സ്പ്രസ് കോറിഡോര്**

മേയ് 18, 2017

ഐഎൻഎസ്ടിസി ( ഇന്റർനാഷണല് നോർത്ത് സൌത്ത് ട്രാൻസ്പോർട്ട് കോറിഡോര് )- ഇന്ത്യ മുതല് റഷ്യ വരെ എക്സ്പ്രസ് കോറിഡോര് - വിഷയത്തെ കുറിച്ചുള്ള ഓഹരിയുടമകളുടെ സമ്മേളനം മേയ് 18 , 2017 നു ഫോറിന് സർവീസ് ഇൻസ്റ്റിട്ട്യൂട്ടില് പതിനൊന്ന് മണിക്ക് നടന്നു. നയതന്ത്ര സമൂഹത്തിലെ അംഗങ്ങള്, മാധ്യമങ്ങള്, വിവിധ മന്ത്രാലയങ്ങളില് നിന്നുള്ള പ്രതിനിധികള് , ഫോറിന് ട്രെയിനിംഗ് ഇൻസ്റ്റിട്ട്യൂട്ടിലെ സ്റ്റാഫ്, ഓഫീസർമാര് , ഫ്രെയിറ്റ് ഫോർവേഡേഴ്സ് എന്നിവരായിരുന്നു പങ്കെടുത്തവര് . ഓൺലൈനില് പങ്കെടുത്തവരില് യൂറേഷ്യന് മേഖലയിലെ ഇന്ത്യന് എംബസി പ്രതിനിധികള് , ഐസിഡബ്ല്യുഎ , വ്യാപാര സമൂഹ അംഗങ്ങള് എന്നിവര് ഉൾപ്പെടുന്നു

കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ( യൂറേഷ്യ ) ശ്രീ ജി വി ശ്രീനിവാസും ന്യൂഡെൽഹിയിലെ റഷ്യന് എംബസി കൌൺസിലര് (പൊളിറ്റിക്കല് ) ശ്രീ അലെക്സി പോഗോനിനും ആമുഖ പ്രഭാഷണം നടത്തി. ഫ്രൈറ്റ് ഫോർവേഡേഴ്സ് അസോസിയേഷന് ഓഫ് ഇന്ത്യ (എഫ്എഫ്എഫ്എഐ ) യുടെ ശ്രീ ശങ്കര് ഷിൻഡേ, ശ്രീ ബാലചന്ദ്രന്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫൻസ് സ്റ്റഡീസ് ആൻഡ് അനാലിസിസ് - (ഐഡിഎസ്എ ) യുടെ ശ്രീ ബെഹൂരിയ, അംബ് സ്ടോബ്ഡാന് എന്നിവരായിരുന്നു പ്രധാന പ്രഭാഷകര് . ഐഎൻഎസ്ടിസിക്ക് സാധ്യമായ പാതകള്, അതിന്റെ പ്രചാരണം, വികസനം , ഐഎൻഎസ്ടിസിക്ക് സഹായകമാകും വിധം ചഹ്ബഹാര് തുറമുഖ ഉപയോഗം, സെൻട്രല് ഏഷ്യയുമായുള്ള ഗതാഗത ബന്ധം ഉണ്ടാക്കല് , ബഹുമുഖതല ഗതാഗതത്തില് വരാന് സാധ്യതയുള്ള നടപടിക്രമങ്ങള്, തടസ്സങ്ങള്, ടിഐആര് കൺവെൻഷനില് ചേരാനുള്ള ഇന്ത്യയുടെ തീരുമാനം , ഇ-ടിഐആറിലേക്ക് നീങ്ങുന്നതിലെ ഗുണങ്ങള് തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ചർച്ച

ചർച്ചയെ തുടർന്ന് , ഇന്ത്യയും റഷ്യയും തമ്മിലുള്ള നയതന്ത്ര ബന്ധങ്ങളുടെ എഴുപതാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യയും റഷ്യയും തമ്മിലുള്ള ഒരു മോട്ടോര് റാലിയെ കുറിച്ച് കലിംഗ മോട്ടോഴ്സ് സ്പോർട്ട്സ് ക്ലബ് (കെഎംഎസ് സി ), ഭുവനേശ്വര്

നടത്തിയ ഒരു പ്രസന്റേഷന്  നടന്നു.  മോട്ടോര് റാലിയെ കുറിച്ചുള്ള വിവരങ്ങള് വിശദമായി തങ്ങളുടെ വെബ്സൈറ്റില് ഇടാമെന്ന് കലിംഗ മോട്ടോഴ്സ് അറിയിച്ചു

ന്യൂഡെൽഹി
മേയ് 18, 2017